പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 223

08-02-2016 - ൽ മറുപടിയ്ക്ക്

## പഞ്ഞമാസ സമാശ്വാസ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്:** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും സംസ്ഥാനത്ത് പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരായ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടായിരുന്നു; ഇവരിൽ ഓരോവർഷവും ഈ ആനുകൂല്യം യഥാസമയം തന്നെ പൂർണ്ണമായും ലഭ്യമാകാത്ത എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ടായിരുന്നു; വ്യക്തമാക്കാമോ; | എ) | വിശദവിവരം ചുവടെ ചേർക്കുന്നു.<br>**വർഷം** / **ഗുണഭോക്താക്കളുടെ എണ്ണം** / **ആനുകൂല്യം പൂർണ്ണമായും ലഭ്യമാകാത്ത ഗുണഭോക്താക്കളുടെ എണ്ണം**<br>2010-11 / 179043 / 3<br>2011-12 / 185843 / 810<br>2012-13 / 175401 / 472<br>2013-14 / 184071 / 521<br>2014-15 / 187769 / 485 |
| ബി) | ഇതുവരെ ഏതെല്ലാം വർഷങ്ങളിൽ പഞ്ഞമാസ സമാശ്വാസ പദ്ധതിയിലേക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | കഴിഞ്ഞ വർഷങ്ങളിൽ (2010-11 മുതൽ 2015-16വരെ) ഗുണഭോക്തൃ വിഹിതം അടച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് എല്ലാം തന്നെ കേന്ദ്ര സംസ്ഥാന വിഹിതം ഉൾപ്പെടെയുള്ള അനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിൽ വീഴ്ച ഒന്നും വന്നിട്ടില്ല. |
| സി) | പ്രസ്തുത ഫണ്ടിലേക്കുള്ള അടുത്ത വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | സി) | 2016-17 വർഷം പദ്ധതി തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) | സംസ്ഥാനത്ത് നിലവിൽ മത്സ്യത്തൊഴിലാളി പെൻഷൻ വാങ്ങുന്ന എത്ര തൊഴിലാളികളുണ്ടെന്ന് വ്യക്തമാക്കാമോ; | ഡി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ വാങ്ങുന്നവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>(1) മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ - 47900 |

| | | | |
|---|---|---|---|
| | | | (2) മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് നൽകുന്ന പെൻഷൻ (വിധവാ പെൻഷൻ) - 9765<br>(3) അനുബന്ധത്തൊഴിലാളി പെൻഷൻ - 6585<br><br>**ആകെ പെൻഷണർമാർ - 64250** |
| ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ എത്രതവണ മത്സ്യത്തൊഴിലാളി പെൻഷൻ വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ഇ) | മത്സ്യത്തൊഴിലാളി പെൻഷൻ വർഷത്തിൽ മൂന്ന് തവണകളിലായിട്ടാണ് വിതരണം ചെയ്യാറുള്ളത്. 2015 ഡിസംബർ മാസം ഉൾപ്പെടെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| എഫ്) | നിലവിൽ മത്സ്യത്തൊഴിലാളി പെൻഷൻ വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടോ; എങ്കിൽ എത്രമാസത്തെ തുകയാണ് കുടിശ്ശികയായിട്ടുള്ളത്; ഇത് എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ; | എഫ്) | നിലവിൽ 2016 ജനുവരി മാസത്തെ പെൻഷൻ മാത്രമെ കുടിശ്ശികയായിട്ടുള്ളൂ. ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ജി) | 2015-16 -ലെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവതികൾക്കും പെൺകുട്ടികൾക്കുമായി പ്രഖ്യാപിച്ച തീര നൈപുണ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഓരോ ജില്ലയിലും എത്ര വീതം യുവതികൾക്കും പെൺകുട്ടികൾക്കും തൊഴിൽ വൈദഗ്ധ്യവും പ്ലെയ്സ്മെന്റും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ജി) | തീരനൈപുണ്യ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ 10 ജില്ലകളിലായി മത്സ്യമേഖലയിലെ യുവതികൾക്ക് തീരനൈപുണ്യ പദ്ധതി പ്രകാരം പരിശീലനം ആരംഭിച്ചിട്ടു ണ്ട്. ടി വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 60 |
| 2 | കൊല്ലം | 60 |
| 3 | ആലപ്പുഴ | 60 |
| 4 | എറണാകുളം | 60 |
| 5 | കോട്ടയം | 60 |
| 6 | തൃശ്ശൂർ | 60 |
| 7 | മലപ്പുറം | 60 |
| 8 | കോഴിക്കോട് | 60 |
| 9 | കണ്ണൂർ | 60 |
| 10 | കാസർഗോഡ് | 60 |
| | **ആകെ** | **600** |

**സെക്ഷൻ ഓഫീസർ**